**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 410** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.വി.സുമേഷ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പാലിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഡ്രൈവിങ് ടെസ്റ്റുകൾ രണ്ടു ഭാഗങ്ങളായാണ് നടത്തി വരുന്നത്. ഭാഗം ഒന്നിൽ മോട്ടോർ സൈക്കിളുകൾക്ക് ‘8’ ഉം മോട്ടോർ കാറുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾക്ക് ‘H’ ഉം ഹെവിവാഹനങ്ങളുടെ ടെസ്റ്റിന് T ട്രാക്കും ഉപയോഗിച്ച് വരുന്നു. ഭാഗം 2-ൽ വാഹനം റോഡിൽ ഓടിപ്പിച്ച് കാര്യക്ഷമതയും വിവിധ സിഗ്നലുകൾ ഉപയോഗിക്കുന്നതിനുള്ള വൈദഗ്ധ്യവും പരിശോധിച്ചു വരുന്നു. പ്രസ്തുത ടെസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിങ്ങ് സെന്ററുകൾ 6 ഇടത്ത് പ്രവർത്തിച്ചു വരുന്നു. 4 ഇടത്ത് ഇത് പൂർത്തിയായി വരുന്നു. ഡ്രൈവിങ്ങ് സ്കൂളുകളുടെ സ്ഥലസൗകര്യം ഇൻസ്ട്രക്ടർമാരുടെ യോഗ്യത എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൊവിഡ്-19 മഹാമാരി തുടങ്ങുന്നതിന് മുൻപ് എല്ലാ അപേക്ഷകർക്കും പ്രീ ലേണേഴ്സ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിരുന്നു. |
| (ബി) | കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർ വാഹന നിയമത്തിൽ ലൈസൻസ് ടെസ്റ്റിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; | (ബി) | GSR 394(E) dated 07/06/2021 പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതി അനുസരിച്ച് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിന് സമാന്തരവും ക്രമീകൃത-മായതും ഉയർന്ന നിലവാരത്തിലുള്ള ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ടും അക്രഡിറ്റഡ് ഡ്രൈവർ ട്രയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽപ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലാണ് പ്രവർത്തിക്കുന്നത്. അവയിൽ നിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ നിയമാനുസരണം ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നു. എന്നാൽ അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിംഗ് സെന്ററുകളിൽ നിശ്ചിത കാലയളവിൽ പങ്കെടുത്ത് Proficiency Certificate കരസ്ഥമാക്കുന്നവർക്ക് ആ സർട്ടിഫിക്കറ്റ് ലൈസൻസിംഗ് അതോറിറ്റി മുൻപാകെ ഹാജരാക്കിയാൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥയാണ് പുതിയ നിയമത്തിൽ ഉള്ളത്. എന്നാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 9(3)-ൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിധം ടെസ്റ്റ് പാസാകുന്നവർക്ക് മാത്രമേ ലൈസൻസ് നൽകുവാൻ പാടുള്ളൂ എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ടെസ്റ്റ് ഒഴിവാക്കി നൽകേണ്ടുന്ന സാഹചര്യങ്ങൾ സെക്ഷൻ 9(3)(a) i മുതൽ iii വരെ വ്യക്തമാക്കിയിട്ടുണ്ട്. അവയിലൊന്നും തന്നെ അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ വഴി പരിശീലനം നേടുന്നവർക്ക് ടെസ്റ്റ് ഒഴിവാക്കണം എന്ന പരാമർശം ഇല്ല. ഭേദഗതി ചെയ്യപ്പെട്ട കേന്ദ്ര മോട്ടോർ വാഹന ചട്ടം 31J(6) പ്രകാരം ഡ്രൈവിംഗ് സംബന്ധമായ തിയറി പാസായവർക്ക് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുടെ ടെസ്റ്റ് കൂടി പാസായാൽ മാത്രമേ Proficiency Test Certificate നൽകാൻ കഴിയുകയുള്ളൂ. അത് ലൈസൻസിംഗ് അതോറിറ്റി മുൻപാകെ ഹാജരാക്കി ലൈസൻസ് ലഭ്യമാക്കാം എന്നാണ് പറഞ്ഞിട്ടുള്ളത്. National Skill Development Corporation (NSDC) and Standardization Testing and Quality Certification (STQC) Guidance and Requirements എന്നിവയ്ക്ക് അനുസൃതമായി വിഭാവനം ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് കേന്ദ്രങ്ങളിലെ പരിശീലനവും ടെസ്റ്റിംഗ് രീതികളും റൂൾ 31എഫ് പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയില്ല എന്നു കാണുന്ന പക്ഷം റൂൾ 31ജി പ്രകാരം നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്. |
| (സി) | പ്രസ്തുത നിയമത്തിൽ കർശനമായി പാലിച്ചുവന്ന എട്ട്, എച്ച് തുടങ്ങിയ പ്രായോഗിക ടെസ്റ്റുകൾ ഒഴിവാക്കി ലഘുവായ പരീക്ഷകൾ മാത്രമാക്കി ചുരുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർവാഹന നിയമത്തിൽ 8, H തുടങ്ങിയ പ്രായോഗിക ടെസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ 8, H എന്നീ ടെസ്റ്റുകൾ നടത്തി വരുന്നത്. കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത ചട്ടത്തിൽ മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർ ടെസ്റ്റ് നടത്തിയതിനു ശേഷം മാത്രമേ Proficiency Test Certificate നൽകുകയുള്ളു. ഇതുപ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ |

| | | | |
|---|---|---|---|
| | | | നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 8, H ടെസ്റ്റുകൾ തുടരുന്നതാണ്. |
| (ഡി) | എങ്കിൽ ഇത് ഡ്രൈവിംഗ് നിലവാരത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ? | (ഡി) | കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത മോട്ടോർവാഹന നിയമത്തിൽ 8, H തുടങ്ങിയ പ്രായോഗിക ടെസ്റ്റുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ 8, H എന്നീ ടെസ്റ്റുകൾ നടത്തി വരുന്നത്. കേന്ദ്ര സർക്കാർ ഭേദഗതി ചെയ്ത ചട്ടത്തിൽ മോട്ടോർവെഹിക്കിൾ ഇൻസ്പെക്ടർ ടെസ്റ്റ് നടത്തിയതിനു ശേഷം മാത്രമേ Proficiency Test Certificate നൽകുകയുള്ളൂ.ഇതുപ്രകാരം ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള 8, H ടെസ്റ്റുകൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ